1. ഇ.ബി. XIII-കേരള നിയമസഭ/XI-20

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 08, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

**നെല്ലിയാമ്പതി വനഭൂമി**

മി. ഡെപ്യൂട്ടി സ്പീക്കർ: 1909-ലും 1933-ലും റിസർവ് വനമായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതും 2004-ൽ സുപ്രീംകോടതി വനഭൂമി മാത്രമാണെന്ന് വിധി പ്രസ്താവിച്ചിട്ടുള്ളതുമായ നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റിൽനിന്ന് പോബ്സ് & എസ്റ്റേറ്റ് കമ്പനി വാങ്ങിയ 786 ഏക്കർ ഭൂമിക്ക് കരം തീർക്കുന്നതിന്

നടപടിക്രമങ്ങളൊന്നും പൂർത്തിയാക്കാതെ വനംവകുപ്പ് എൻ.ഒ.സി. നൽകിയിരിക്കുന്നതിനാൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കരുണ പ്ലാന്റേഷൻസ് എന്നറിയപ്പെടുന്ന സീതാർഗുഡി എസ്റ്റേറ്റ് നെല്ലിയാമ്പതി ഫോറസ്റ്റ് റിസർവിൽ പാട്ടവ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന 53 എസ്റ്റേറ്റുകളിൽപ്പെട്ടതല്ല. ഹൈക്കോടതി വിധിയെത്തുടർന്ന് 1994-ൽ ഉടമസ്ഥർക്ക് റെസ്റ്റോർ ചെയ്ത എസ്റ്റേറ്റാണിത്. 919 ഏക്കർ വിസ്തീർണ്ണമുണ്ടായിരുന്ന എസ്റ്റേറ്റിൽ സർക്കാരിന് അവകാശപ്പെട്ട നിക്ഷിപ്ത വനമായ 84 ഏക്കർ ഭൂമി ഒഴിവാക്കിയാണ് റെസ്റ്റൊറേഷൻ നടത്തിയിട്ടുള്ളത്. സീതാർഗുഡി എസ്റ്റേറ്റിലെ 350 ഏക്കർ ഭൂമിയെ സംബന്ധിച്ച് വനംവകുപ്പും എസ്റ്റേറ്റ് ഉടമയും തമ്മിൽ തർക്കമുണ്ടായിരുന്നില്ല. അവശേഷിക്കുന്ന വനഭൂമിക്ക് എൻ.ഒ.സി.

നൽകുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങളിന്മേൽ തീരുമാനമെടുക്കുന്നതിനായി 02-01-2013-ൽ ഉത്തരമേഖലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഗവൺമെന്റ് പ്ലീഡർ എന്നിവരടങ്ങിയ കമ്മിറ്റിക്ക് രൂപം നൽകുകയും പ്രസ്തുത കമ്മിറ്റിയുടെ യോഗതീരുമാനപ്രകാരം ഡിസ്ട്രിക്ട് സർവ്വേ സൂപ്രണ്ട് ഫീൽഡ് വെരിഫിക്കേഷൻ നടത്തി കരം സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യാൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് ചിറ്റൂർ അഡീഷണൽ തഹസീൽദാർ കരം സ്വീകരിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിൽനിന്ന് നിയമോപദേശം സ്വീകരിക്കുകയും കണ്ടീഷണൽ എൻ.ഒ.സി. നൽകിയിട്ടുള്ളതുമാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> ഭൂമി തട്ടിപ്പിന്റെ ഞെട്ടിപ്പിക്കുന്ന ചിത്രമാണ് പുറത്തുവന്നിരിക്കുന്നത്. 28-04-2014-ന് പാലക്കാട് ജില്ലയിലെ നെന്മാറ ഡി.എഫ്.ഒ. നെല്ലിയാമ്പതിയിൽ 492, 493 സർവ്വേ നമ്പറുകളിൽപ്പെട്ട 314.45 ഹെക്ടർ (786 ഏക്കർ) ഭൂമിക്കാണ് എൻ.ഒ.സി. നൽകിയത്. ചിറ്റൂർ അഡീഷണൽ തഹസീൽദാർക്ക് പട്ടയം നൽകുന്നതിനും കരം വാങ്ങുന്നതിനും നിർദ്ദേശം

കൊടുത്തത് കണ്ടീഷണലായിട്ടല്ല. 2,27,980/- രൂപ കുടിശ്ശിക കരം അടച്ച കരുണ പ്ലാന്റേഷൻസിന് കൈവശാവകാശ രേഖ നൽകുകയും പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ കുറച്ചുഭാഗം ഇ.എഫ്.എൽ. ട്രിബ്യൂണലിന്റെ വിചാരണയിലുള്ളതാണ്. നെന്മാറ ഡി.എഫ്.ഒ.-യുടെ തീരുമാനം എല്ലാ നിയമവ്യവസ്ഥകൾക്കും കീഴ്‌വഴക്കങ്ങൾക്കും എതിരായിട്ടുള്ളതാണ്. 12-08-2011-ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അയച്ച കത്ത് പരിശോധിക്കാതെ തോട്ടം ഉടമകൾക്ക് അനുകൂലമായ റിപ്പോർട്ടുണ്ടാക്കി യുദ്ധകാലാടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകുന്നതിന് ഡി.എഫ്.ഒ.യ്ക്ക് നിർദ്ദേശം നൽകുകയാണുണ്ടായത്. ഗവൺമെന്റ് പ്ലീഡറും അഡ്വക്കേറ്റ് ജനറലും പോബ്സ് & എസ്റ്റേറ്റ് കമ്പനിയെ സഹായിക്കുന്ന തരത്തിലുള്ള നിയമോപദേശമാണ് നൽകിയത്. മുതലമട വില്ലേജിലുള്ള സ്ഥലം 492, 493 സർവ്വേ നമ്പരുകളിലായി നെല്ലിയാമ്പതി വില്ലേജിലെത്തിയതിലെ ക്രമക്കേട് കണ്ടെത്തിയ നെന്മാറ ഡി.എഫ്.ഒ. കേസ് നടത്തിപ്പിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്ന് 13-7-2011-ൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമി വനഭൂമിയാണെന്ന് ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ് വനംവകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച സമിതി അത് പരിശോധിച്ചിട്ടില്ല. അനധികൃതമായി ഡി.എഫ്.ഒ കൊടുത്ത എൻ.ഒ.സി. റദ്ദ് ചെയ്യണം. റവന്യൂ ഭൂമി ഭൂമാഫിയകളുടെ കൈകളിലേയ്ക്ക് പോകുന്നുവെന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നിഷിപ്ത വനഭൂമി, ഇ.എഫ്.എൽ. എന്നീ ഇനങ്ങളിൽ വനംവകുപ്പിന് അവകാശപ്പെട്ട സ്ഥലമൊഴിച്ചുള്ള എസ്റ്റേറ്റിലെ വനേതര സ്വകാര്യഭൂമിയായതിനാൽ ഇതിലെ ഉടമസ്ഥാവകാശ സംശയങ്ങളിൽ തീരുമാനമെടുക്കേണ്ടത് റവന്യൂ വകുപ്പാണ്. ഭൂപരിഷ്കരണ നിയമപ്രകാരം വേങ്ങനാട് കോവിലകം സമർപ്പിച്ച ഡിക്ലറേഷനും റിട്ടേണിംഗും പുന:പരിശോധിച്ച് സർക്കാരിന്റെ ഉടമസ്ഥതയിൽവരേണ്ട മിച്ചഭൂമിയുണ്ടോയെന്നത് പരിശോധിക്കുന്നതിനായി മൂന്ന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മിച്ചഭൂമി സംബന്ധിച്ച കാര്യങ്ങളിൽ സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്. സീതാർഗുഡി എസ്റ്റേറ്റിനെപ്പറ്റിയുള്ള നിയമപ്രശ്നങ്ങളെക്കുറിച്ച് നെന്മാറ മുൻ ഡി.എഫ്.ഒ. 13-7-2011-ന് പാലക്കാട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഈസ്റ്റേൺ

സർക്കിളിന്റെ അധീനതയിൽ വരുന്ന എല്ലാ വനഭൂമികളിലും നടന്ന ക്രമക്കേടുകൾ കണ്ടെത്താൻ 2-1-2013-ൽ ഉത്തരമേഖലാ അഡീഷണൽ പി.സി.സി.എഫ്. ചെയർമാനായ കമ്മിറ്റിയെ നിയമിക്കുകയും അതിന്റെ ടേംസ് ഓഫ് റഫറൻസ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് കണ്ടീഷണൽ എൻ.ഒ.സി.-യാണ് നൽകിയിരിക്കുന്നതെങ്കിലും അതിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് വിശദമായ അന്വേഷണം നടത്തുന്നതാണ്. വനസംരക്ഷണ നിയമത്തിന് വിരുദ്ധമായി എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോയെന്നും ഈ കാര്യത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനാവശ്യ തിടുക്കം ഉണ്ടായിട്ടുണ്ടെങ്കിൽ ആരെല്ലാമാണ് ഇതിന് ഉത്തരവാദികളെന്നുമുള്ള കാര്യങ്ങളെക്കുറിച്ച് മൂന്നംഗ കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് സഭയെ അറിയിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ അഭിപ്രായം വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ സംശയം പ്രകടിപ്പിച്ച മൂന്ന് കാര്യങ്ങളും പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ഈ സഭാ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് അതിനെക്കുറിച്ചുള്ള വ്യക്തമായ നയം സഭയെ അറിയിക്കുന്നതാണ്. അതുവരെ ഡി.എഫ്.ഒ. നല്കിയ എൻ.ഒ.സി. മരവിപ്പിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: മൂന്നംഗ കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് സഭയെ അറിയിക്കുമെന്നും അതുവരെ ഡി.എഫ്.ഒ. ന്ല്കിയ എൻ.ഒ.സി. മരവിപ്പിക്കുമെന്നും വ്യക്തമാക്കിയ സാഹചര്യത്തിൽ വാക്കൗട്ട് നടത്തുന്നില്ല.

**ശ്രദ്ധക്ഷണിക്കൽ**

## (1) മാസ്റ്റർ പ്ലാൻ റദ്ദാക്കൽ

ശ്രീ. എം. എ. വാഹീദ്: തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാൻ പ്രകാരം നഗരമധ്യത്തിലെ ജയിൽ, ആർ.സി.സി., ഭാവിയിൽ ആരംഭിക്കാനിരിക്കുന്ന ഹൈക്കോടതി, നാനോ ടെക്നോളജി എന്നീ സ്ഥാപനങ്ങളെല്ലാം ജനനിബിഡമായ കാട്ടായിക്കോണം, ചേങ്കോട്ടുകോണം, മങ്കാട്ടുകോണം തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക്

മാറ്റി സ്ഥാപിക്കേണ്ടി വരുമെന്നും പ്രദേശവാസികളെ കുടിയൊഴിപ്പിക്കുമെന്നുമാണ് അറിയുന്നത്. ആറ്റിപ്ര പ്രദേശത്ത് ഏറ്റെടുത്ത സ്ഥലങ്ങളിൽ ഐ.എസ്.ആർ.ഒ., ടെക്നോപാർക്ക്, യൂണിവേഴ്സിറ്റി, ഇൻഡസ്ട്രിയൽ പാർക്ക് എന്നീ സ്ഥാപനങ്ങൾ വന്നതിന്റെ ഫലമായി കുടിയൊഴിക്കപ്പെട്ടവർ മാസ്റ്റർ പ്ലാനിൽ പറയുന്ന ഗ്രീൻ ഫീൽഡിലും വാട്ടർ റിട്ടെൻഷൻ ഏരിയയിലും ലോ ലെയിംഗ് ഏരിയകളിലുമാണ് താമസിക്കുന്നത്. ഇവരെയും ഒഴിപ്പിക്കുമെന്നാണ് മാസ്റ്റർ പ്ലാനിൽ പറഞ്ഞിരിക്കുന്നത്. ശേഷിക്കുന്ന പ്രദേശത്ത് ഐ.ടി. ബേസ്ഡ് സോൺ എന്ന പേരിൽ വീട് വയ്ക്കാനുള്ള അനുവാദവും നൽകുന്നില്ല. ജനങ്ങളുടെ നിരന്തരമായ സമ്മർദ്ദംമൂലം മാസ്റ്റർ പ്ലാൻ മരവിപ്പിച്ചുവെങ്കിലും അത് ബാധകമാക്കാത്തതിനാൽ ഭൂമി കൈമാറ്റം നടക്കുന്നില്ല. പദ്ധതി പ്രദേശത്തെ ഭൂമി ഈടായി സ്വീകരിക്കാൻ സ്ഥാപനങ്ങൾ തയ്യാറാകുന്നുമില്ല. പ്രദേശവാസികളുടെ ആശങ്കയകറ്റി തിരുവനന്തപുരം നഗരസഭയുടെ അശാസ്ത്രീയവും ജനവിരുദ്ധവുമായ മാസ്റ്റർ പ്ലാൻ റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗവൺമെന്റ് അതീവ ഗുരുതരമായിട്ടാണ്

കാണുന്നത്. നടപടിക്രമങ്ങളെല്ലാം പാലിച്ച് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചതിനുശേഷം വ്യാപകമായ പരാതികളുയർന്ന സാഹചര്യത്തിൽ പ്രസ്തുത പ്ലാനിന്റെ കരട് മരവിപ്പിച്ച് 26-02-2014-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ വ്യവസ്ഥ പ്രകാരം മറ്റൊരു മാസ്റ്റർ പ്ലാൻ നിലവിൽ വന്നാൽ മാത്രമേ ഈ മാസ്റ്റർ പ്ലാൻ റദ്ദാകുകയുള്ളൂവെന്ന സാങ്കേതിക പ്രശ്നം നിലനിൽക്കുകയാണ്. 24-06-2014-ൽ മുഖ്യമന്ത്രിയും നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ജനപ്രതിനിധിയും മേയറും പങ്കെടുത്ത യോഗത്തിൽ പ്രശ്നം ചർച്ച ചെയ്ത് മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ മാസ്റ്റർ പ്ലാൻ സമർപ്പിക്കാൻ നഗര-ഗ്രാമാസൂത്രണ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ സ്വീകരിച്ചുവരികയാണ്. 22-02-2014-ൽ കൂടിയ തിരുവനന്തപുരം കോർപ്പറേഷന്റെ കൗൺസിൽ യോഗത്തിലും മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ആറ്റിപ്ര വില്ലേജിൽ ഉദ്ദേശിച്ചിട്ടുള്ള ഗ്രീൻ ട്ര

പ്ലാന്റ് ഡെവലപ്മെന്റ് ഏരിയയെ റെസിഡൻഷ്യൽ ഏരിയയായി ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിനോ സ്ഥലവാസികളെ കുടിയൊഴിപ്പിക്കുന്നതിനോ ഉള്ള യാതൊരു നടപടിയും സർക്കാരോ കോർപ്പറേഷനോ സ്വീകരിക്കുകയില്ല. മാസ്റ്റർ പ്ലാനിന്റെ കരട് മലയാളത്തിൽ തർജ്ജമ ചെയ്ത് എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രശ്നത്തിന് പരിഹാരം കാണാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

## (2) പട്ടയവിതരണം

ശ്രീ. ബി. ഡി. ദേവസ്സി: തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർ, വിവിധ പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവർ, മേച്ചിൽപ്പുറ നിവാസികൾ, കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കാലങ്ങളായി താമസിക്കുന്നവർ, ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ഗാന്ധിനഗർ, വി. ആർ. പുരം കോളനി നിവാസികൾ തുടങ്ങിയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിക്കുകയുണ്ടായെങ്കിലും തുടർ നടപടികൾ

സ്വീകരിക്കുകയുണ്ടായില്ല. തൃശ്ശൂർ ജില്ലയിലെ ചേലക്കര, വടക്കാഞ്ചേരി, ഒല്ലൂർ, പുതുക്കാട്, ചാലക്കുടി മണ്ഡലങ്ങളിൽ കാലങ്ങളായി മലയോര പട്ടയത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്കും തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗമായ മുല്ലക്കര, ആനക്കൊട്ടിൽ, പട്ടാളക്കുന്ന് എന്നിവിടങ്ങളിലേയും കോർപ്പറേഷനോട് ചേർന്നുകിടക്കുന്ന മുളങ്കുന്നത്തുകാവ് പഞ്ചായത്തിലേയും ചാലക്കുടി പട്ടണത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലേയും ഉൾപ്പെടെയുള്ള പുറമ്പോക്ക് നിവാസികൾക്കും പട്ടയം ലഭിച്ചിട്ടില്ല. കേന്ദ്രാനുമതി ലഭിച്ച അപേക്ഷകർക്ക് പട്ടയം അടിയന്തരമായി നൽകുന്നതിനും സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി നേടിയെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. മേച്ചിൽപ്പുറ നിവാസികൾക്ക് പട്ടയവിതരണം നടത്തുന്നതിന് സർക്കാർ അനുമതിക്കായി സമർപ്പിച്ച അപേക്ഷകളും കെട്ടിക്കിടക്കുകയാണ്. കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നുള്ള തടസ്സങ്ങൾ മാറ്റി അതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ നിവാസികൾക്കും വെറ്റിലപ്പാറ എക്സ് സർവ്വീസ്മെൻ കോളനിയിലെ ഭൂമി കൈവശക്കാർക്കും റോഡ്, തോട്, കനാൽ, പുഴ തുടങ്ങിയവയുടെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്കും പട്ടയം നൽകാൻ

നടപടിയുണ്ടാകണം. പട്ടയം ലഭിക്കാത്തതിനാൽ വീട് നിർമ്മിക്കുന്നതിനോ സർക്കാർ ആനുകൂല്യം ലഭിക്കുന്നതിനോ വായ്പയെടുക്കാനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. പട്ടയ വിതരണത്തിന് കേന്ദ്രാനുമതി ആവശ്യമുള്ളിടത്ത് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും വിവിധ വകുപ്പുകളുടെ കീഴിലുള്ളതും വികസനം ആവശ്യമില്ലാത്തതുമായ സ്ഥലങ്ങളിലെ കൈവശക്കാർക്ക് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പട്ടയം നൽകാനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 1.1.1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്ന തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, തലപ്പിള്ളി, ചാലക്കുടി എന്നീ താലൂക്ക് പരിധിയിൽപ്പെട്ട മലയോര കർഷകർക്ക് കേരള ഭൂമിപതിവ് സ്പെഷ്യൽ റൂളനുസരിച്ച് ഭൂമി പതിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭ്യമായ കേസുകളിൽ നിലവിലുള്ള നിയമത്തിനും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയുക്ത പരിശോധന നടത്തി പ്രൊപ്പോസൽ സമർപ്പിച്ച കേസ്സുകളിൽ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. കുളം, റോഡുകൾ എന്നിവയോട് ചേർന്ന

ഭൂമി പതിച്ചു നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷേപം ചെയ്യുന്ന ഭൂമിക്ക് സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കാവുന്നതാണ്. പുളിയിലപ്പാറ നിവാസികൾക്ക് പട്ടയം നൽകുന്നതിനായി വൈദ്യുതി വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിൽനിന്നും ആവശ്യപ്പെട്ട പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല. സുനാമി പുനരധിവാസപദ്ധതി പ്രകാരം വീട് ലഭിച്ച കുടുംബങ്ങൾക്കും കിഴക്കേ ചാലക്കുടി വില്ലേജിൽ വി.ആർ.പുരം കോളനി നിവാസികൾക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിയമപരമായി തടസ്സമില്ലാത്ത കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്.

**<u>സബ്മിഷൻ</u>**

## (1) ക്ഷേമപെൻഷനുകൾക്ക് വരുമാന പരിധി

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ഇ. പി. ജയരാജനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. വി. റ്റി. ബൽറാം: സംസ്ഥാന സർക്കാർ നൽകുന്ന വിവിധ ക്ഷേമപെൻഷനുകൾക്കുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായി കുറച്ച നടപടി

റദ്ദാക്കുന്നതിനും കുടുംബ വരുമാനത്തിനുപകരം വ്യക്തിഗത വരുമാനം വരുമാന പരിധിയായി കണക്കാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാന സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകൾക്കുള്ള വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കി കുറച്ചതുമൂലമുണ്ടായ ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കുടുംബ വരുമാനത്തിനുപകരം വ്യക്തിഗത വരുമാനം വരുമാന പരിധിയായി കണക്കിലെടുക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## (2) കാൻസർ രോഗ ചികിത്സയ്ക്ക് ആധുനിക സംവിധാനങ്ങൾ

ശ്രീ. ലൂഡി ലൂയിസ്: എറണാകുളം ജനറൽ ആശുപത്രിയിൽ കാൻസർ രോഗ ചികിത്സയ്ക്ക് ആധുനിക ചികിത്സാ സംവിധാനമായ ലീനിയർ പാർട്ടിക്കിൾ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): എറണാകുളം ജനറൽ ആശുപത്രി ഓങ്കോളജി വിഭാഗത്തിൽ രണ്ട് ടെലി കൊബാൾട്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ടെലി കൊബാൾട്ട് യൂണിറ്റുകളേക്കാൾ സവിശേഷതകൾ ഉള്ളതും തുടർ ചെലവുകൾ കുറവുള്ളതുമായ

ലീനിയർ ആക്സിലറേറ്ററുകൾ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ടെലി കൊബാൾട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിന് കാൻസർ പദ്ധതിയിൽ ഉൾപ്പെടുത്തി 1.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിച്ചശേഷം ജനറൽ ആശുപത്രികളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (3) പഴയന്നൂർ, വരവൂർ വ്യവസായ പാർക്കുകൾ

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂരിൽ ആരംഭിച്ച വ്യവസായ പാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വരവൂർ വ്യാവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വരവൂർ വ്യവസായ പാർക്കിന്റെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്. പദ്ധതിരേഖ സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്രത്തിലേയ്ക്ക് അയച്ചുകൊടുക്കുന്നതാണ്. പഴയന്നൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (4) കസ്റ്റംസ് പിടിയിലായ യുവാവിന്റെ മോചനം

ശ്രീ. എസ്. ശർമ്മ: സുഹൃത്തിന്റെ ചതിയിൽപ്പെട്ട് അബുദാബി വിമാനത്താവളത്തിൽ കസ്റ്റംസ് പിടിയിലായ എറണാകുളം പിഴല കണ്ണപ്പാട്ട് വീട്ടിൽ ഷിജു തോമസിനെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സുഹൃത്തിന്റെ ചതിയിൽപ്പെട്ട് അബുദാബി വിമാനത്താവളത്തിൽ കസ്റ്റംസ് പിടിയിലായ എറണാകുളം പിഴല കണ്ണപ്പാട്ട് വീട്ടിൽ ഷിജുവിന്റെ സഹോദരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ എൻ.ഡി.പി.എസ്. ആക്റ്റ് അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ആലുവ പോലീസ് അന്വേഷണം നടത്തി മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. വിദേശത്തുള്ള നാലാം പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനും വിദേശത്ത് തടവിൽ കഴിയുന്ന ഷിജുവിന്റെ മൊഴി രേഖപ്പെടുത്തുന്നതിനും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. ഈ കേസ്സിൽ അന്താരാഷ്ട്രതലത്തിലും അന്തർ സംസ്ഥാനതലത്തിലും അന്വേഷണം നടത്തേണ്ടതുള്ളതിനാൽ പ്രത്യേക അന്വേഷണ ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതും മേൽ നടപടികൾ സ്വീകരിക്കുന്നതിനായി കേസ്സ് സംബന്ധിച്ച വിവരങ്ങൾ വിദേശ കാര്യമന്ത്രാലയത്തെ അറിയിക്കുന്നതുമാണ്.

## (5) <u>ഉക്കുപാലം തകർന്നതു സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട്</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: തൃക്കരിപ്പൂർ മണ്ഡലത്തിലെ മാടക്കാൽ ഉക്കുപാലം തകർന്നത് സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പണയത്തിൽ മാടക്കലിൽ ഉദ്ഘാടനം കഴിഞ്ഞ് അമ്പത്തിയെട്ടാം ദിവസം തകർന്നുവീണ ഉക്കുപാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ചുമതല വഹിച്ചത് പൊതുമേഖലാ സ്ഥാപനമായ 'കെൽ' ആണ്. പാലം ഡിസൈൻ ചെയ്തതിലും പണികളുടെ മേൽനോട്ടത്തിലും നിർമ്മാണ പ്രവൃത്തികളിലും സംഭവിച്ച അപാകതകൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. 'കെൽ' നിർമ്മിക്കുന്ന മിക്കവാറും പാലങ്ങൾ തകർന്നുവീഴുന്നുവെന്ന പരാതി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സാങ്കേതിക പരിജ്ഞാനമില്ലാത്ത ആളുകളെ ഉൾപ്പെടുത്തിയാണ് 'കെൽ' പാലങ്ങൾ നിർമ്മിക്കുന്നതെന്ന പരാതി പല ഭാഗങ്ങളിൽനിന്നും ഉയർന്നുവന്ന സാഹചര്യത്തിൽ

റവന്യൂ വകുപ്പിൽനിന്നും അനുവദിച്ചുകൊടുക്കുന്ന പാലങ്ങളുടെ നിർമ്മാണച്ചുമതല 'കെൽ' -നെ ഏൽപ്പിക്കേണ്ടതില്ലെന്ന ധാരണയാണ് ഉണ്ടായിട്ടുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പൊതുമേഖലാ സ്ഥാപനമായെ 'കെൽ'-നെ സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങൾ പരിശോധിക്കുന്നതാണ്.

## (6) ബാലവേല

ശ്രീ. കെ. വി. വിജയദാസ്: പാലക്കാട് ജില്ലാ അതിർത്തിയിലുള്ള മീനാക്ഷിപുരം ഗ്രാമത്തിലെ ആദിവാസി കോളനികളിലെ കുട്ടികളെ ബാലവേലയിൽ നിന്ന് മോചിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജില്ലാ ലേബർ ഓഫീസർ ഇത് സംബന്ധിച്ച് നേരിട്ട് അന്വേഷണം നടത്തിയിരുന്നു. ചൈൽഡ് ലേബർ ആക്റ്റിൽ അഗ്രികൾച്ചർ ഒഴിവാക്കിയിരിക്കുന്നതിനാൽ തൊഴിൽ, സാമൂഹ്യനീതി വകുപ്പുകളുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥി സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ബോധവത്കരണം നടത്തി കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (7) അനധികൃത ക്വാറികളുടെ പ്രവർത്തനം

ശ്രീ. റ്റി. എൻ. പ്രതാപൻ: സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മൈനിംഗ് & ജിയോളജി, റവന്യൂ വകുപ്പുകളുടെ അനുമതിയും എക്സ്പ്ലോസീവ് ലൈസൻസും ലഭിച്ചാൽ മാത്രമേ പൊല്യൂഷൻ കൺട്രോൾ ബോർഡ് ക്വാറികൾക്ക് ലൈസൻസ് നൽകുകയുള്ളൂ. സംസ്ഥാനത്ത് 500-ഓളം അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായാണ് കണ്ടെത്തിയിരിക്കുന്നത്. ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നതാണ്.

## (8) സംവരണം അട്ടിമറിക്കാനുള്ള നീക്കം

ശ്രീമതി ജമീലാ പ്രകാശം: പിന്നോക്ക സമുദായങ്ങളുടെ സംവരണം അട്ടിമറിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദുറബ്ബ്): മറ്റ് പിന്നോക്ക വിഭാഗക്കാരുടെ സംവരണം സംബന്ധിച്ച സുപ്രീംകോടതി വിധിയെത്തുടർന്ന് 8.9.1993-ലെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച് ഒ.ബി.സി.

വിഭാഗത്തിന് സംവരണം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് വളരെ മുമ്പുതന്നെ സംവരണം അനുവദിച്ചുവന്നിരുന്നു. സംസ്ഥാനത്ത് പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.സി.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് സംവരണം നൽകുന്നത്. 7.8.2013-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും കുടുംബവരുമാനവും പരിഗണിച്ച് പിന്നോക്ക വിഭാഗത്തിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിനായി പഠനം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ 2014-2015 വർഷത്തെ സംവരണം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുമായി ജസ്റ്റിസ് ശിവരാജൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. കൂടുതൽ സമയം ആവശ്യമുണ്ടെന്ന് കമ്മീഷൻ ഹൈക്കോടതിയെ അറിയിച്ചതിനെത്തുടർന്ന് 2014-2015-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സിന്റെ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കാൻ തടസ്സമില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഷിക വരുമാനപരിധി 6 ലക്ഷം രൂപയായി നിശ്ചയിക്കുകയും പ്രവേശന നടപടികൾ നടന്നുവരികയും ചെയ്യുന്നു.

## (9) നന്നംമുക്ക് പോളിടെക്നിക്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പൊന്നാനി നിയോജക മണ്ഡലത്തിലെ നന്നംമുക്കിൽ പോളിടെക്നിക് തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദുറബ്ബ്): പൊന്നാനി താലൂക്കിൽ പോളീടെക്നിക് ഇല്ലാത്തതിന്റെ ഫലമായി നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് പ്രയാസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ പോളീടെക്നിക് ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യം നിലവിലുണ്ടെങ്കിലും അതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുമ്പോൾ സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഇക്കാര്യം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## (10) സർക്കസ് അക്കാദമി

ശ്രീ. കെ. കെ. നാരായണൻ: തലശ്ശേരിയിലെ സർക്കസ് അക്കാദമി നിലനിറുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തലശ്ശേരിയിലെ സർക്കസ് അക്കാദമിയിൽ ഈ അദ്ധ്യയന വർഷംവരെ മലയാളിയായ ഒരു വിദ്യാർത്ഥിയും പരിശീലനത്തിനായി ചേർന്നിട്ടില്ല. കുട്ടികളുടെ കുറവ് അക്കാദമിയുടെ തുടർപ്രവർത്തനത്തെ

പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അക്കാദമി നേരിൽ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കായികകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്ത് അക്കാദമി നിലനിറുത്തുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (11) പഞ്ചായത്ത് വിഭജനം

ശ്രീ. റ്റി. യു. കുരുവിള: കോതമംഗലം നിയോജക മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്തിനെ വിഭജിച്ച് നേര്യമംഗലം ഗ്രാമപഞ്ചായത്തും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് തൃക്കാരിയൂർ ഗ്രാമപഞ്ചായത്തും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഗ്രാമപഞ്ചായത്തുകളുടെ വിഭജനവും രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഉദ്യോഗസ്ഥതല സമിതിയുടെ ശുപാർശയ്ക്ക് അനുസരണമായി കോതമംഗലം നിയോജക മണ്ഡലത്തിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് നേര്യമംഗലം ഗ്രാമപഞ്ചായത്തും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് തൃക്കാരിയൂർ ഗ്രാമപഞ്ചായത്തും രൂപീകരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) ജൻറം കുടിവെള്ള പദ്ധതിവഴി പൈപ്പ് ലൈൻ സ്ഥാപിക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പശ്ചിമകൊച്ചി നിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തോപ്പുംപടിയിലുള്ള ടാങ്കിലേയ്ക്ക് ജൻറം കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കൊച്ചി ജൻറം കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ മട്ടാഞ്ചേരി പാലത്തിലൂടെ നീട്ടി തോപ്പുംപടി പമ്പ് ഹൗസിലേയ്ക്ക് എത്തിച്ചാൽ നിലവിൽ അവിടെനിന്നും കുടിവെള്ള വിതരണം നടത്തുന്ന പ്രദേശങ്ങളിൽ ജൻറം പദ്ധതിയിൽനിന്നുള്ള വെള്ളം ഉപയോഗിക്കുന്നതിനും പെരുമാനൂരിൽനിന്നുമുള്ള ജലം കരുവേലിപ്പടിക്ക് അധികമായി നൽകിക്കൊണ്ട് പശ്ചിമകൊച്ചിയിലെ മറ്റു പ്രദേശങ്ങളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്താനും സാധിക്കും. പ്രസ്തുത പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

## (13) കുടിവെള്ളക്ഷാമം

ശ്രീ. പി. കെ. ഗുരുദാസൻ: കൊല്ലം നഗരത്തിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കൊല്ലം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കല്ലടയാറ്റിൽ ഏനാത്ത് ഞാങ്കടവിൽ നിന്നും 26 കി.മീ. നീളത്തിൽ പൈപ്പിലൂടെ വെള്ളം പമ്പ് ചെയ്ത് കൊല്ലം നഗരസഭാ പരിധിയിൽ ശുദ്ധീകരണശാല സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ജൻറം സഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചില്ല. വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിച്ച് പദ്ധതിക്ക് അംഗീകാരം നേടാൻ ശ്രമിക്കുന്നതാണ്.

## (14) കലാമ്യൂസിയത്തിന്റെ നവീകരണം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം നവീകരിക്കുന്നതിനും സ്ഥാപനം മാറ്റിസ്ഥാപിക്കുന്നതിനുള്ള നീക്കം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി കലാമണ്ഡലത്തെ ചുമതലപ്പെടുത്തുകയും മുൻകൂർ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ദേവസ്വം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് സ്ഥാപനം അവിടെത്തന്നെ തുടർന്നു കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (15) കപ്പലിലകപ്പെട്ട മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: ദുബായ് തീരത്തിനടുത്ത് പുറംകടലിൽ നങ്കൂരമിട്ടിരിക്കുന്ന മഹർഷിദേവത്രയ എന്ന കപ്പലിൽ അകപ്പെട്ട കൊയിലാണ്ടി സ്വദേശി ദിനേശനടക്കമുള്ള കപ്പൽ ജീവനക്കാരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പാർട്ട്ണേഴ്സ് തമ്മിലുള്ള അഭിപ്രായവ്യത്യാസം കാരണം ദുബായ് തീരത്ത് നങ്കൂരമിട്ടിരിക്കുന്ന മുംബൈ ആസ്ഥാനമായ വരുൺ ഷിപ്പിംഗ് കമ്പനിയുടെ മഹർഷിദേവത്രയ എന്ന കപ്പലിൽ മലയാളികളടക്കം പതിനെട്ട് ജീവനക്കാരാണ് അകപ്പെട്ടിരിക്കുന്നത്. കപ്പൽ ഉടമകളുമായും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായും യു.എ.ഇ.-യിലെ ഇൻഡ്യൻ കോൺസുലേറ്റുമായും ബന്ധപ്പെട്ട് ഈ കപ്പൽ അടിയന്തിരമായി മടക്കിയെത്തിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (16) എം.വി.ദേവന്റെ പേരിൽ സ്മാരകം

ശ്രീ. അൻവർ സാദത്ത്: കലാ-സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭ എം.വി. ദേവന്റെ പേരിൽ ആലുവയിൽ സ്മാരകം നിർമ്മിക്കുന്നതിന്

നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കേരളീയ ചിത്രകലയുടെ അതുല്യാചാര്യനായ എം.വി.ദേവൻ മാസ്റ്ററുടെ സ്മരണാർത്ഥം അദ്ദേഹം നിർമ്മിച്ചതും ജീവിതാവസാനം വരെ താമസിച്ചതുമായ ആലുവ ചൂർണ്ണിക്കരയിലെ വസതിയും സ്ഥലവും ലഭ്യമാക്കുന്നതു സംബന്ധിച്ച് ലളിതകലാ അക്കാഡമി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം വിലയ്ക്കു വാങ്ങി സ്മാരകം നിർമ്മിക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ സ്ഥലം എം.എൽ.എ. മുൻകയ്യെടുത്ത് ആവശ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ എം.വി. ദേവൻ മാസ്റ്റർക്ക് ഉചിതമായ സ്മാരകമുണ്ടാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

## കോഴിക്കോട് സർവ്വകലാശാല വി.സി. ഇരട്ട ശമ്പളം പറ്റുന്നത് സംബന്ധിച്ച്

ശ്രീ. ആർ. രാജേഷ്: കോഴിക്കോട് സർവ്വകലാശാല വി.സി. ഇരട്ട ശമ്പളം വാങ്ങുന്നുവെന്ന വിഷയം നിയമസഭയിൽ ഉന്നയിച്ചതിന് കാരണക്കാരൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ നേതാവാണെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വി.സി. നിർദ്ദേശം നൽകുകയും നോട്ട് ഫയലിൽ നിയമസഭയെ അപമാനിക്കുന്ന തരത്തിൽ കുറിപ്പ് എഴുതുകയും ചെയ്തു. ഈ വിഷയം സംബന്ധിച്ച് റൂളിംഗ് ആവശ്യമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): യൂണിവേഴ്സിറ്റി വി.സി. രജിസ്ട്രാർക്ക് എഴുതിയ നോട്ടിൽ പറയുന്ന കാര്യമാണ് ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചത്. യൂണിയൻ നേതാവ് മാധ്യമങ്ങൾ വഴി വി.സി.-ക്കെതിരെ ഉന്നയിച്ച തെറ്റായ ആരോപണങ്ങൾ നിയമസഭയിൽ ബഹളത്തിന് കാരണമായെന്നാണ് നോട്ടിൽ പറഞ്ഞിട്ടുള്ളത്. ഇത് സഭയുടെ അവഹേളനമായി കരുതാനാവില്ല. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ രജിസ്ട്രാർക്ക് നൽകിയ നോട്ടിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം ഉന്നയിക്കുന്നത് ഓർഡറിലല്ല.

## റൂളിംഗ്

മി. സ്പീക്കർ: കോഴിക്കോട് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ നേതാവിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചത് പ്രശ്നം സഭയിൽ ഉന്നയിച്ചതുകൊണ്ടല്ലെന്ന് യൂണിവേഴ്സിറ്റിയുടെ നോട്ട് ഫയലിൽ നിന്നും വ്യക്തമാണ്. യൂണിയൻ നേതാവ് മാധ്യമങ്ങൾവഴി വൈസ് ചാൻസിലർക്കെതിരെ ഉന്നയിച്ച തെറ്റായ ആരോപണങ്ങൾ നിയമസഭയിൽ ബഹളത്തിന് കാരണമാകുകയും വൈസ് ചാൻസിലർക്കെതിരെ പ്രോ-ചാൻസിലർ അന്വേഷണത്തിന് നിർദ്ദേശം നൽകിയെന്നുമുള്ള കാര്യം വി.സി. ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ജീവനക്കാരനെതിരെ അച്ചടക്ക നടപടി തുടരുന്നതിനുള്ള ഫയലിൽ നിയമസഭയിൽ ഈ വിഷയം ബഹളത്തിന് കാരണമായി എന്ന് രേഖപ്പെടുത്തിയത് വിഷയം സഭയിൽ ഉന്നയിച്ച അംഗത്തിന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനമോ സഭയോടുള്ള അവഹേളനമോ അല്ല. അംഗത്തിന്റെ സഭയിലെ പ്രവർത്തനത്തെ തടയുന്നതിനുള്ള ശ്രമമായി ജീവനക്കാരനെതിരെ സ്വീകരിക്കുന്ന അച്ചടക്ക നടപടിയെ കാണുവാനും കഴിയുകയില്ല. ആയതിനാൽ ശ്രീ. ആർ. രാജേഷിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ശ്രീ. ആർ. രാജേഷ് തന്റെ പരാതിയോടൊപ്പം നൽകിയിട്ടുള്ള രേഖ വിവരാവകാശ നിയമപ്രകാരം ലഭിച്ചതല്ല. യൂണിയൻ പ്രവർത്തനത്തിന്റെ ഭാഗമായി ജീവനക്കാർ ഓഫീസ് രേഖകളുടെ പകർപ്പ്

കമ്പ്യൂട്ടറിൽ നിന്നെടുത്ത് പുറത്തുനൽകുന്നത് ആശാസ്യമല്ല എന്നുകൂടി ചെയർ വ്യക്തമാക്കുന്നു.

## ധനകാര്യം

## 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം (206,58,41,000 രൂപ)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ (687,45,14,000 രൂപ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. വി. വിജയദാസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും നഷ്ടത്തിലേക്ക് പോകുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഖാദി, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധിയിലായിരിക്കുകയാണ്. എഫ്.എ.സി.റ്റി.-ക്കുവേണ്ടി പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ ഫലമായി കഞ്ചിക്കോട്ടുള്ള സ്റ്റീൽ കമ്പനിയും ടെക്സ്റ്റൈൽ വ്യവസായവും സ്തംഭനാവസ്ഥയിലാവുകയും ഫ്ളൂയിഡ് കൺട്രോൾ കമ്പനി അടച്ചുപൂട്ടിയിരിക്കുകയുമാണ്. മലബാർ സിമന്റ്സ് ലിമിറ്റഡ് സ്ഥിതിചെയ്യുന്ന പ്രദേശം ഇക്കോളജിക്കലി സെൻസിറ്റീവ് സോണിന്റെ

പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനും ബി.ഇ.എം.എൽ.-ൽ കേരളത്തിലുള്ളവർക്കും തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ റീസ്ട്രക്ച്ചറിംഗിലൂടെ ലാഭകരമാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇ-പ്രൊക്യൂവർമെന്റ്, ഇ-പേമെന്റ്, ഇ.ആർ.പി. സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ വാല്യൂ അഡിഷനിലേയ്ക്ക് പോകുന്നത് അഭിനന്ദനാർഹമാണ്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് സമവായമുണ്ടാക്കണം. പരമ്പരാഗത-ഹൈടെക് ഉല്പന്നങ്ങളുടെ ഉല്പാദന-വിതരണ രംഗത്ത് വൻനേട്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്ന മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ)-ന്റെ പ്രവർത്തനം ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. എഫ്.എ.സി.ടി.ക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജ് കേന്ദ്രസർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. വൻകിട വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാനും ആധുനിക

സാങ്കേതികവിദ്യ ഉപയോഗിച്ച് അവയെ റീസ്ട്രക്ചർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. വ്യവസായ സ്ഥാപനങ്ങളുടെ മറവിൽ ഭൂമി കൈവശപ്പെടുത്തുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. നാഷണൽ ഇൻഫർമാറ്റിക് സെന്റർ വഴി സെക്രട്ടേറിയറ്റിലെ പതിനാറ് വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതും അക്ഷയ സെന്ററുകൾ വഴി സാധാരണ ജനങ്ങളെയും കമ്പ്യൂട്ടർ സാക്ഷരരായി മാറ്റുന്നതിനും ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയ്ക്കുപുറമെ സ്വകാര്യമേഖലയുടെ സഹകരണത്തോടെ ഹൈടെക് ഐ.റ്റി. പാർക്ക് സ്ഥാപിക്കുന്നതിനും സ്വീകരിച്ചിരിക്കുന്ന സമീപനം സ്വാഗതാർഹമാണ്. കയർബോർഡിന്റെ സഹായത്തോടുകൂടി ഗ്രാമീണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇ-ഗവേണൻസ്, സ്റ്റാർട്ട്-അപ് വില്ലേജ്, അക്ഷയകേന്ദ്രങ്ങൾ തുടങ്ങിയ സംരംഭങ്ങൾ വഴി കേരളത്തിൽ ഐ.റ്റി.രംഗം മുന്നേറിക്കൊണ്ടിരിക്കുകയാണ്. പ്രവാസി നിക്ഷേപം ക്രിയാത്മകമായി വിനിയോഗിക്കുന്നതിനാവശ്യമായ

പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇന്റഗ്രേറ്റഡ് ബിസിനസ് ഹബ്ബ്, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ എന്നിവ ആരംഭിക്കാൻ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചിരിക്കുന്ന നടപടി സ്വാഗതാർഹമാണ്. കെൽട്രോണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിനും കൈത്തറിരംഗം അടക്കമുള്ള ടെക്സ്റ്റൈൽ മേഖലകളിൽ അനുഭവപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി കാര്യക്ഷമമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പുരോഗതിക്കായി SAIL-ലുമായി ചേർന്ന് ധാരണാപത്രത്തിലൊപ്പിട്ട നടപടി ശ്ലാഘനീയമാണ്. നാളികേരാധിഷ്ഠിത വ്യവസായ പാർക്ക്, മെഗാ സീ ഫുഡ് വ്യവസായം എന്നിവ പ്രാവർത്തികമാക്കാനും പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ വ്യവസായ രംഗത്തെ മാറ്റിയെടുക്കാനും നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കശുവണ്ടി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കയറുൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലെത്തിക്കാനുള്ള പരിശ്രമം നടത്തുന്നുണ്ട്. മനുഷ്യവിഭവ ശേഷിയെയും പാരിസ്ഥിതിക ഘടകങ്ങളെയും ഉപയോഗപ്പെടുത്തി വ്യവസായ

രംഗത്ത് വലിയ മാറ്റത്തിന് വഴിയൊരുക്കണം. സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പിന് ഒറിജിനൽ തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കണം. നിരവധി ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തി സഹകരണ രംഗത്ത് കാതലായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായ രംഗത്ത് മുൻകാലങ്ങളിലുണ്ടായ നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പല പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ജിം, എമർജിംഗ് കേരള മുതലായ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുന്നില്ല. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് നിർദ്ദേശത്തിന് വിരുദ്ധമായി സുപ്രീംകോടതിയിൽ അപ്പീൽ നൽകിയ കെ.എം.എം.എൽ. ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കണം. അനധികൃതമായി നടത്തുന്ന പാറമടകൾ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുകയും വികസന രംഗത്ത് സ്തംഭനാവസ്ഥയുണ്ടാക്കുകയും ചെയ്യുന്നതിന് പരിഹാരമുണ്ടാക്കണം. കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നിബന്ധനകളും പുതിയ നിയമങ്ങളും കാരണം സഹകരണ മേഖലയിൽ

സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഈ രംഗത്തെ നിയമനങ്ങളിൽ വ്യാപകമായ അഴിമതിയാണ് നടക്കുന്നത്.

ശ്രീ. പി. സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയിൽ ഗുണകരമായ മാറ്റങ്ങളാണ് സമീപകാലത്തായി ദൃശ്യമാകുന്നത്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ പിരിച്ചുവിടാൻ സർക്കാർ തയ്യാറാകണം. നബാർഡ് പത്ത് ശതമാനം പലിശയ്ക്ക് സഹകരണ ബാങ്കുകൾക്ക് നൽകാൻ തയ്യാറുള്ള വായ്പതുക നിരസിക്കുന്ന നിലപാട് പുന:പരിശോധിക്കണം. സഹകരണ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തണം. കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾക്ക് അറുതി വരുത്തി കാര്യക്ഷമമായി പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വ്യാവസായിക മേഖലയെ പുഷ്ടിപ്പെടുത്താനുള്ള വകുപ്പുമന്ത്രിയുടെ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. വിവര സാങ്കേതികവിദ്യയിൽ കേരളത്തെ ഒന്നാം സ്ഥാനത്തെത്തിക്കാനും നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയെടുക്കാനും കഴിഞ്ഞത് യു.ഡി.എഫ്.

ഗവൺമെന്റിന്റെ ഭരണനേട്ടമാണ്. ഭരണസംവിധാനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സെക്രട്ടേറിയറ്റ് മുതൽ വില്ലേജ്തലം വരെയുള്ള രംഗങ്ങളിൽ നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതി ലോകത്തിനുതന്നെ മാതൃകയാണ്. അക്ഷയ പദ്ധതി ഇന്ന് കേരളത്തിന്റെ അഭിമാനസ്തംഭമായി മാറിയിരിക്കുകയാണ്. ടെക്നോപാർക്കിന്റെ ഒന്നും രണ്ടും മൂന്നും ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്ത് ഒരു ലക്ഷത്തോളം പേർക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിയുന്ന സംവിധാനമായി അത് മാറും. വ്യാവസായിക പുരോഗതി കൈവരിക്കുന്ന കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായി ഒത്തൊരുമിച്ച് പ്രയത്നിക്കണം. കെ.എം.എം.എൽ.-ൽ നിലനിൽക്കുന്ന അരാജകത്വവും അഴിമതിയും തടയാനും ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ പിരിച്ചുവിടാനും നടപടിയുണ്ടാകണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച കൺസ്യൂമർഫെഡ് ഇന്ന് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ചെയർമാൻ, മാനേജിംഗ്

ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള 384.70 കോടി രൂപയുടെ വൻ അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. ഓണം-ക്രിസ്തുമസ്-റംസാൻ തുടങ്ങിയ ആഘോഷവേളകളിൽ സബ്സിഡി വിതരണത്തിനുള്ള അരി ഡയറക്ടർ ബോർഡിന്റെ ബിനാമികളും മറ്റും ചേർന്ന് കൂടിയ വിലയ്ക്ക് വാങ്ങിയതിലൂടെ 89.46 കോടി രൂപയുടെയും വിദേശ മദ്യ കച്ചവടത്തിൽ 60.56 കോടി രൂപയുടെയും ക്രമക്കേട് നടന്നിട്ടുണ്ട്. മദ്യ വിതരണ കമ്പനികൾ എല്ലാ വർഷവും ഇൻസെന്റീവായി കൺസ്യൂമർഫെഡിന് നൽകുന്ന തുകയിൽ ഭീമമായ കുറവാണുണ്ടായിരിക്കുന്നത്. കൺസ്യൂമർഫെഡിന്റെ മെഡിക്കൽ വെയർഹൗസിൽനിന്നും നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ബിൽ ചെയ്തുനൽകുന്ന മരുന്ന് സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾക്ക് മറിച്ചുവിറ്റിരിക്കുകയാണ്. ടെണ്ടർ ക്ഷണിക്കാതെ പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ എന്നിവ വാങ്ങിയതിലൂടെ കൺസ്യൂമർഫെഡ് വൻഅഴിമതിയാണ് നടത്തിയിരിക്കുന്നത്. ത്രിവേണിയുടെ വിവിധ സ്റ്റോറുകളിൽ അറ്റകുറ്റപ്പണികൾക്കായി കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിരിക്കുകയാണ്. കൺസ്യൂമർഫെഡ് ഉദ്യോഗസ്ഥരുടെ യാത്രയ്ക്കും പരസ്യം

നൽകുന്നതിനുമായി വൻതുകയാണ് ചെലവഴിച്ചിരിക്കുന്നത്. കൺസ്യൂമർഫെഡിൽ നടക്കുന്ന അഴിമതിയെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയേയും വ്യവസായ മേഖലയേയും ശക്തിപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. എമർജിംഗ് കേരള സംഘടിപ്പിച്ചതുവഴി പുതിയ വ്യവസായ പദ്ധതികളിലൂടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപമുണ്ടാക്കാൻ സാധിച്ചു. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെയുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതോടെ ധാരാളം തൊഴിലവസരങ്ങളുണ്ടാകുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയതുമൂലം പർച്ചേസ് സംബന്ധമായ ആക്ഷേപങ്ങൾക്ക് വിരാമമിടാൻ സാധിച്ചു. ടെക്സ്റ്റൈൽ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ പ്രത്യേക പാക്കേജ് കൊണ്ടുവന്നതും പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ കളമശ്ശേരി കിൻഫ്രാ ഹൈടെക് പാർക്കിൽ സ്റ്റാർട്ട് അപ് വില്ലേജിന്റെ പ്രവർത്തനം ആരംഭിച്ചതും സ്വാഗതാർഹമാണ്.

സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ വ്യവസായ വികസന മേഖലകൾ എന്ന പദ്ധതി നടപ്പിലാക്കുന്നതുവഴി വിമാനത്താവള-തുറമുഖ അധിഷ്ഠിത വ്യവസായങ്ങളും കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളും പുരോഗതി പ്രാപിക്കുന്നതാണ്. എഫ്.എ.സി.റ്റി.യുടെ ഉപയോഗശൂന്യമായ സ്ഥലത്ത് ഐ.ടി. പാർക്ക് തുടങ്ങാൻ നടപടി സ്വീകരിക്കണം. മലിനീകരണമില്ലാത്ത വ്യവസായങ്ങൾക്ക് മുൻഗണന കൊടുക്കുകയും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ കൂടുതൽ മലിനീകരണമുണ്ടാക്കുന്ന ഇരുമ്പ്-ഉരുക്ക് ഫാക്ടറികൾക്ക് അനുമതി നൽകാതിരിക്കുകയും ചെയ്യണം. ആലുവ നിയോജകമണ്ഡലത്തിൽ ഇരുമ്പ് വ്യവസായ ഫാക്ടറി ആരംഭിക്കാനുള്ള നടപടി റദ്ദ് ചെയ്യണം. വ്യവസായ മേഖലയിൽ അസംസ്കൃത വസ്തുവായ കരിമണൽ കൂടുതലായി ഉപയോഗപ്പെടുത്താൻ സാധിക്കണം. കൃഷി, പ്രൊഫഷണൽ വിദ്യാഭ്യാസം, പൊതുവിതരണം, ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമം, ടൂറിസം തുടങ്ങിയ രംഗങ്ങളിൽ സഹകരണ വകുപ്പ് ശക്തമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. സഹകരണ മേഖലയിൽ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം നടപ്പിലാക്കുന്നതിനും ജാമ്യ വ്യവസ്ഥകൾ ഇളവുചെയ്യുന്നതിനും ഈ സർക്കാരിന് സാധിച്ചു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡ്ഡിനെ ശക്തിപ്പെടുത്തുന്നതിനും സഹകരണ

മേഖലയിലെ നിക്ഷേപങ്ങളെ ഇൻകം ടാക്സ് പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനും വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നതിനും റിസ്ക് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ മേഖലയിൽ വൻനേട്ടങ്ങൾ കൈവരിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചു. സി.ആർ.ആർ.-ലും എസ്.എൽ.ആർ.-ലും റിസർവ് ബാങ്ക് വരുത്തിയ മാറ്റം സഹകരണ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കും. ശാരീരിക വൈകല്യമുള്ളവർക്ക് സഹകരണ മേഖലയിൽ സംവരണം ഏർപ്പെടുത്തിയതും മൂന്ന് സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് വസ്തു ഈടുവയ്ക്കാതെ ജാമ്യം അനുവദിക്കുന്നതിനും അയ്യായിരം രൂപവരെയുള്ള വായ്പകൾക്ക് അപേക്ഷിക്കുന്നവർക്ക് കാലതാമസം കൂടാതെ അവ ലഭ്യമാക്കുന്നതിനും വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടി പ്രശംസനീയമാണ്. മെമ്പേഴ്സ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും നബാർഡിൽനിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പയെടുക്കരുതെന്ന നിർദ്ദേശം പുനഃപരിശോധിക്കുകയും വേണം.

ശ്രീ. സി. കൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ

പൊതുമേഖലാ വ്യവസായങ്ങളും പരമ്പരാഗത വ്യവസായ മേഖലയും തകർച്ചയെ നേരിടുകയാണ്. കണ്ണൂർ സൈബർ പാർക്കിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. ഡിമാന്റിനനുസരിച്ച് കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും റിബേറ്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൈത്തറി മേഖലയ്ക്ക് ലഭ്യമാക്കുന്നതിനും കൈത്തറി സംഘങ്ങൾക്ക് ഹാന്റക്സിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കയറ്റുമതി പ്രോത്സാഹിപ്പിക്കാനും ന്യായവിലയ്ക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ഖാദി മേഖലയെ നവീകരിക്കുന്നതിനായി ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം. ഖാദി മേഖലയിൽ ആധുനിക ഉപകരണങ്ങൾ നൽകുന്നതിനും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബീഡി വ്യവസായ മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തിക്കൊണ്ട് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ഫണ്ട് വിനിയോഗിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എം. പി. വിൻസെന്റ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുടിശ്ശിക

കൊടുത്തുതീർക്കാത്തതിനാൽ കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോർ, നന്മ സ്റ്റോർ എന്നിവയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് നടപ്പാക്കുമ്പോൾ സഹകരണ മേഖലയ്ക്ക് ഇളവുകൾ നേടിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. സഹകരണ മേഖലയിൽ കുറ്റമറ്റ രീതിയിൽ ഓഡിറ്റിംഗ് നടപ്പാക്കുന്നതോടൊപ്പം ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുന്നതിന് നടപടി സ്വീകരിക്കണം. സഹകരണ എക്സ്പോ നടപ്പാക്കുന്നതും കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനം വഹിക്കുന്ന പങ്കും സ്വാഗതാർഹമാണ്. സമരങ്ങളും ഹർത്താലുകളും കൊണ്ട് വ്യവസായ മേഖലയിലെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയാണ്. അഭ്യസ്തവിദ്യർക്ക് കേരളത്തിൽ ജോലി ലഭിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വ്യവസായ വികസനം നടപ്പാക്കാനും ചെറുകിട വ്യവസായങ്ങളെ സംരക്ഷിച്ചുകൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രഖ്യാപിക്കുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാനോ പദ്ധതികൾ പ്രാവർത്തികമാക്കാനോ സർക്കാർ തയ്യാറാകുന്നില്ല. അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാനാവശ്യമായ പദ്ധതികൾ രൂപീകരിക്കണം. എമർജിംഗ് കേരളയിൽ പ്രഖ്യാപിച്ച പദ്ധതികൾ

യാഥാർത്ഥ്യമാക്കണം. ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും സ്മാർട്ട്സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്യണം. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ജൈവസാങ്കേതിക വിദ്യ, ആയുർവേദം തുടങ്ങിയ മേഖലകളെ പ്രോത്സാഹിപ്പിക്കാനും കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് വികസനത്തിനായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഒരേക്കർ സ്ഥലം വിട്ടുകൊടുക്കാനും നടപടി സ്വീകരിക്കണം. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതുസംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുന്നതോടൊപ്പം അവിടെ കൂടുതൽ നഴ്സിംഗ് തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. പി. ബി. അബ്ദുൾ റസാക്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഐ.ടി. അധിഷ്ഠിത സർക്കാർ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിലും ഇ-ഗവേണൻസ്, ഇ-ഡിസ്ട്രിക്ട് പദ്ധതികൾ നടപ്പാക്കുന്നതിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു എന്നത് അഭിമാനകരമാണ്. വികസനരംഗത്ത് കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനും മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അനന്തപൂർ വ്യവസായ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള

പ്രോജക്ടിന് അംഗീകാരം നൽകുന്നതിനും പൈവേളികെയിൽ വ്യവസായ-ഐ.ടി. പാർക്കിനുള്ള സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകൾ വഴി ലളിതമായ വ്യവസ്ഥയിൽ സാധാരണക്കാരന് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റെയിൽവേ ചരക്കുകൂലി വർദ്ധനവ് സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വ്യവസായ നയത്തിൽ കാതലായ മാറ്റങ്ങളുണ്ടാക്കാൻ സർക്കാർ മുൻകയ്യെടുക്കണം. കേരളത്തിലെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഐ.റ്റി. മേഖലയിലെ ജീവനക്കാർ നേരിടുന്ന ചൂഷണം അവസാനിപ്പിക്കാനും കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയേയും കെ.എം.എം.എൽ., ഐ.ആർ.ഇ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനുള്ള നയം പ്രഖ്യാപിക്കാനും തയ്യാറാകണം. ഹാൻടെക്സിന് കൊടുക്കാനുള്ള കുടിശ്ശിക തുക പൂർണ്ണമായും നൽകാനും കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റിന്റെ ഏറ്റെടുക്കൽ നടപടി അടിയന്തരമായി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഐ.റ്റി. മേഖലയിൽ വൻകുതിച്ചുചാട്ടം നടത്താൻ സർക്കാരിന്

സാധിച്ചു. ട്രാക്കോ കേബിളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി അഭിനന്ദനീയമാണ്. ഐ.റ്റി. മേഖലയിലെ ജീവനക്കാർ നേരിടുന്ന ചൂഷണത്തിന് പരിഹാരമുണ്ടാക്കാനും കെ.എസ്.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനുള്ള പാക്കേജ് തയ്യാറാക്കാനും നടപടി സ്വീകരിക്കണം. റൂറൽ ക്രെഡിറ്റിന്റെ 38% നിർവ്വഹിക്കുന്ന സഹകരണ മേഖല ഫെർട്ടിലൈസർ, ഷുഗർ, ഹാന്റ്‌ലൂം, മാർക്കറ്റിംഗ്, ഫിഷറീസ്, ടൂറിസം, ഹൗസിംഗ് തുടങ്ങിയ മേഖലകളിൽ വളരെയധികം മുന്നേറ്റം നടത്തിയിട്ടുണ്ട്. ത്രീ ടയർ സിസ്റ്റത്തിൽ പ്രവർത്തിക്കുന്നതും ഓട്ടോണമസ് പദവിയുള്ളതുമായ സഹകരണമേഖല നിയന്ത്രണങ്ങൾക്ക് വിധേയമാകേണ്ടിവരുന്നത് ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കും. പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളെ ജില്ലാ സഹകരണ ബാങ്കുകളുടെ സർവ്വീസ് സെന്ററുകളാക്കി മാറ്റാനും സംസ്ഥാന സഹകരണ ബാങ്കിലെ സ്റ്റാറ്റ്യൂട്ടറി റിസർവ്വായ നിക്ഷേപങ്ങൾ പിൻവലിച്ച് ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കാനുമുള്ള നിർദ്ദേശങ്ങളെ ശക്തമായി എതിർക്കണം. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന എല്ലാവർക്കും ആക്ടീവ് മെമ്പർ എന്ന ഡെഫിഷനിൽപ്പെടുത്തി വോട്ടവകാശം നൽകുകയും വായ്പക്കാർ, ആക്ടീവ് മെമ്പർമാർ, വനിതകൾ,

എസ്.സി./എസ്.ടി. വിഭാഗക്കാർ എന്നിങ്ങനെ പ്രത്യേക ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളുടെ വാർഡുകൾ നിശ്ചയിക്കുകയും ചെയ്യണം. സഹകരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കിക്കൊണ്ടുള്ള ആഡിറ്റ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും എറണാകുളത്തെ ജില്ലാ സഹകരണ ബാങ്കിന്റെയും 'മിത്ര' എന്ന സൂപ്പർമാർക്കറ്റിന്റെയും ഇടപാടുകളെപ്പറ്റി അന്വേഷണം നടത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എളമരം കരീം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലുള്ള കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പരമ്പരാഗത/സ്വകാര്യ വ്യവസായങ്ങളും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉല്പാദന മേഖലയിൽ കേരളത്തിന് വളർച്ചയുണ്ടാകുന്നില്ല. പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതയും കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കാൻ കഴിയാത്തതും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളുമാണ് കേരളത്തിൽനിന്ന് നിക്ഷേപകരെ പിന്തിരിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കണം. ചെറുകിട വ്യവസായ

സംരംഭങ്ങൾക്കു വേണ്ടിയുള്ള സംവിധാനങ്ങളിലെ തടസ്സങ്ങൾ നീക്കുന്നതിനുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് യോഗം ചേരുന്നതിനും ചെറുകിട വ്യവസായങ്ങളുടെ കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി വർദ്ധനവ് പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യവസായ ഏരിയകളും, എസ്റ്റേറ്റുകളും പഞ്ചായത്ത് സ്ഥാപനങ്ങളുടെ പരിധിയിൽ വരത്തക്കവിധത്തിൽ പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തിയ ഭേദഗതി പുന:പരിശോധിക്കുന്നതോടൊപ്പം ഓട്, കളിമൺ വ്യവസായങ്ങളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇടപെടൽ നടത്തുന്നതിനും കയർ മേഖലയടക്കമുള്ള പരമ്പരാഗതമേഖലകളുടെ പുനരുദ്ധാരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം. പരമ്പരാഗത ഉൽപ്പന്നങ്ങളായ കൈത്തറി - ഖാദി ഉൽപ്പന്നങ്ങൾക്ക് രണ്ട് ശതമാനം ടേണോവർ ടാക്സ് ഏർപ്പെടുത്തിയ നടപടി പിൻവലിക്കുന്നതോടൊപ്പം റാ-മെറ്റീരിയലുകളുടെ അഭാവംമൂലം പൂട്ടിക്കിടക്കുന്ന കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പരമ്പരാഗത മേഖലകളിൽ പുനരുദ്ധാരണ പദ്ധതികൾ ആസൂത്രണം ചെയ്യുകയും പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക്

വിപണി കണ്ടെത്തുകയും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും കോമളപുരം, ഉദുമ സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. തിരുവല്ലയിലെ ട്രാക്കോ കേബിൾ, മീറ്റർ കമ്പനി, കെൽ തുടങ്ങിയ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതോടൊപ്പം ടെൽക് എൻ.ടി.പി.സി.യുമായി സംയുക്ത സംരംഭമുണ്ടാക്കിയെങ്കിലും അത് പ്രവർത്തന സജ്ജമാകാത്തതിന്റെ കാരണമെന്തെന്ന് പരിശോധിക്കണം. കെ.എം.എം.എൽ-ലുമായി ബന്ധപ്പെട്ട് ഹരിത ട്രിബ്യൂണലിൽ വന്നിട്ടുള്ള കേസ് ഗൗരവമായി കാണുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം നൽകുകയും അനധികൃത ക്വാറി പ്രവർത്തനം തടയുന്നതിനും നിയമവിധേയമായി പ്രവർത്തിക്കുന്നവയ്ക്ക് സംരക്ഷണം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. കാർഷിക വികസന ബാങ്കിലെ ജീവനക്കാരുടെ

സ്ഥലംമാറ്റത്തിന് മാനദണ്ഡമേർപ്പെടുത്തണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വ്യാവസായിക രംഗത്ത് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കേരളത്തിൽ സ്ഥലവും മറ്റുസൗകര്യങ്ങളും ക്ലിയറൻസും നൽകിയാൽമാത്രമേ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ വ്യവസായികൾ മുമ്പോട്ടുവരികയുള്ളൂ. എമർജിംഗ് കേരള പദ്ധതിപ്രകാരമുള്ള പല നിക്ഷേപ പ്രൊപ്പോസലുകൾക്കും ക്ലിയറൻസ് കൊടുത്ത് അനുവദിക്കാൻ സാധിച്ചില്ലെന്നത് വസ്തുതയാണ്. റാ-മെറ്റീരിയൽസ്, പരിസ്ഥിതി ക്ലിയറൻസ് മുതലായവ നൽകേണ്ടതിനാൽ മാനുഫാക്ചറിംഗ് യൂണിറ്റ് കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കില്ല. എയർപോർട്ട്, സീപോർട്ട് അടിസ്ഥാനമാക്കി വൻനഗരങ്ങളുടെ സമീപപ്രദേശങ്ങളിൽ കൂടുതൽ സ്ഥലമെടുക്കുന്നതിലുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ വൈദ്യുതി വകുപ്പിന്റെ സഹകരണത്തോടെ ചീമേനിയിൽ പവർ പ്രോജക്ട് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. മെച്ചപ്പെട്ട വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്ന ചെറുകിട വ്യവസായ മേഖലയെയും ഫുഡ് പ്രോസസ്സിംഗ്, ടൂറിസം, ആയുർവേദം മുതലായ മേഖലകളെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. പരിസ്ഥിതിക്ക് ദോഷമുണ്ടാക്കാത്ത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഐ.ടി.

വിദ്യാഭ്യാസത്തിലും സർവ്വീസ് മേഖലയിലും ഇ-ഗവേണൻസിലും സംസ്ഥാനം വളരെ മുന്നിലാണ്. എല്ലാ ജില്ലകളും ഇ-ഡിസ്ട്രിക്ട് ആക്കാൻ കഴിഞ്ഞു. ഐ.ടി. വ്യവസായം വളരെയധികം പുരോഗതി കൈവരിച്ച കേരളത്തിൽ ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ ഒരു ലക്ഷംപേർക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്നാണ് കരുതുന്നത്. ജീവനക്കാരെ ചൂഷണം ചെയ്യുന്ന ഐ.ടി. കമ്പനികൾക്കെതിരെ നിലവിലുള്ള നിയമം അനുസരിച്ച് നടപടിയെടുക്കുന്നതാണ്. നാളികേരാധിഷ്ഠിത പാർക്ക് പൂർത്തിയാവുകയും സ്റ്റാർട്ട്-അപ് സിനുവേണ്ട പ്രോത്സാഹനം നൽകുകയും പൊതുമേഖലയിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും ആധുനിക കൃഷിരീതികളും ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. മലബാർ സിമന്റ്സ്, കെ.എം.എം.എൽ., കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം വർദ്ധിച്ചുവരുന്ന പ്രവണതയാണ് ഇപ്പോഴുള്ളത്. മാർക്കറ്റ് കണ്ടീഷനനുസൃതമായി ലാഭ-നഷ്ടങ്ങളിൽ വ്യതിയാനം സംഭവിക്കുക എന്നത് സ്വാഭാവികമാണ്. നഷ്ടത്തിലായിരുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എം.എം.എൽ.-ന്റെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ട്. കെ.എം.എം.എൽ.-ലെ പ്രശ്നങ്ങൾ

സംബന്ധിച്ച് ഉന്നതതലയോഗം വിളിച്ചുചേർക്കുന്നതും വിശദമായി പരിശോധിക്കുന്നതുമാണ്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളിൽ ഇടപെടുന്നതിൽനിന്ന് റിട്ടയറായ ഉദ്യോഗസ്ഥരെ തടഞ്ഞുകൊണ്ട് റീ-ടെണ്ടർ ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കാപ്പെക്സിന്റെയും കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെയും പ്രവർത്തനം കാര്യക്ഷമമാക്കാനും പരമാവധി 250 ദിവസം വരെ തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ കുറയാതിരിക്കാൻ പ്രത്യേകം പരിശ്രമിക്കുന്നതാണ്. പല വ്യവസായ സ്ഥാപനങ്ങൾക്കുമാവശ്യമായ ഭൂമി വിട്ടുകൊടുത്തെങ്കിലും കേന്ദ്ര ഗവൺമെന്റ് നിക്ഷേപം നടത്തിയിട്ടില്ല. കൈത്തറി മേഖലയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനുപുറമെ റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഏഴ് കോടി രൂപ കൂടി അനുവദിക്കുന്നതാണ്. ടെക്സ്റ്റയിൽ ടേൺ ഓവർ ടാക്സിന്റെ കൂട്ടത്തിൽ കൈത്തറിയും ഖാദിയും ഉൾപ്പെട്ടത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഐ.ടി. സംരംഭങ്ങൾ നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാൽ റൂറൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള സാധ്യത കുറവാണ്. പരമ്പരാഗത വ്യവസായ മേഖലകൾ തകർന്നുപോകാൻ ഈ ഗവൺമെന്റ്

അനുവദിക്കുകയില്ലെന്നുമാത്രമല്ല, സാമ്പത്തിക സഹായം നൽകി സംരക്ഷിക്കുകയും ചെയ്യുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയ അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഖാദി മേഖലയിൽ വളരെയധികം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചു. ഈ വർഷം 110 കോടി രൂപയിലധികം വിൽപ്പനയാണ് ഉണ്ടായിരിക്കുന്നത്. ഖാദി ഉല്പാദന രീതികളിൽ മാറ്റമുണ്ടാക്കിയതിന്റെ ഫലമായി യുവജനങ്ങളടക്കം ഖാദി ധരിക്കുന്ന പ്രവണത വർദ്ധിച്ചിട്ടുമുണ്ട്. 2014-15 വർഷം 125 കോടി രൂപയുടെ വിൽപ്പന നടക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഖാദി വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള റിബേറ്റ് നൽകുന്നതിനായി 21.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഖാദിയുടെ റിബേറ്റ് യഥാസമയം നൽകാനും തൊഴിലാളികളുടെ മിനിമം വേജസ് ഉറപ്പുവരുത്താനുമുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

ഖാദി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും 25 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. ഭാവി തലമുറയെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ഖാദിയുടെ ചരിത്രം ബോധ്യപ്പെടുത്തുന്നതിനായി ഖാദി ബോർഡിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കാനും പ്രജാമണ്ഡലത്തിന്റെ ഓർമ്മ നിലനിറുത്താനായി തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരിയിലെ ഖാദി കേന്ദ്രം വിപുലീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുള്ള ഗാന്ധിസ്മാരക നിധിയുടെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യവും സജീവ പരിഗണനയിലാണ്. ഖാദി വ്യവസായത്തിന്റെ ഉന്നമനത്തിനായി എന്റെ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്. കൺസ്യൂമർഫെഡിലെ അഴിമതി ആരോപണത്തെ സംബന്ധിച്ച് പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. സഹകരണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സംസ്ഥാന ദേശീയതല സഹകാരികൾ, സഹകരണ മേഖലയുമായി ബന്ധമുള്ള നിയമസഭാ സാമാജികർ, നിയമ വിദഗ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാല സംഘടിപ്പിക്കുന്നതാണ്. സഹകരണ സംഘം ഭരണസമിതി തെരഞ്ഞെടുപ്പിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഘം നൽകുന്ന തിരിച്ചറിയൽ കാർഡിനു

പുറമേ മറ്റ് രേഖകൾ കൂടി ഹാജരാക്കണമെന്ന് സഹകരണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ഭരണ സമിതി തെരഞ്ഞെടുപ്പിന് വാർഡുകൾ നിശ്ചയിക്കുന്നത് അതാത് സംഘങ്ങളുടെ പൊതുയോഗ തീരുമാനപ്രകാരമായിരിക്കും. സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി രൂപീകരിച്ചു. ജില്ലാ സഹകരണ ബാങ്കുകൾക്ക് ലൈസൻസ് ലഭ്യമാക്കുകയും സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാലാനുസൃതമാക്കുകയും ചെയ്തു. മുഖാമുഖം പരിപാടി, എന്റെ സംഘം, ഉണർവ് 2012 തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താൻ സാധിച്ചു. കാർഷിക മേഖലയ്ക്ക് ഉണർവ് നൽകുന്നതിനായി നെൽകൃഷിക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പാക്കുകയും 60 ബ്ലോക്കുകളിൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിന്റെയും അനുബന്ധ ഓഫീസുകളുടേയും ആസ്ഥാന മന്ദിര നിർമ്മാണം 2015 ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന ഓപ്പറേഷൻ കുബേര പദ്ധതിയുമായി സഹകരിച്ച് പ്രത്യേക പദ്ധതികൾ

നടപ്പിലാക്കുകയും കൊള്ളപ്പലിശക്കാരിൽനിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി സ്വയംസഹായ സംഘങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. കോഴിക്കോട് ജില്ലയിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ കാൻസർ സെന്ററും പ്രധാന നഗരങ്ങളിൽ ഫ്ലാറ്റ് സമുച്ചയവും നിർമ്മിക്കുന്നതാണ്. 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുകയും ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പച്ചക്കറി സംഭരിച്ച് സൂക്ഷിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുമായി കാലാവസ്ഥ നിയന്ത്രണ സ്റ്റോറേജ് കേന്ദ്രം ആരംഭിക്കുകയും ചെയ്യുന്നതാണ്. സഹകരണ മേഖലയിൽ ഒൻപത് മണ്ണ് പരിശോധന ശാലകളും മൂന്ന് ടിഷ്യൂ കൾച്ചർ ലാബുകളും തൃശ്ശൂരിലെ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ നിലവിലുള്ള ഡി.ഫാം കോഴ്സിനു പുറമെ ബി.ഫാം കോഴ്സും ആരംഭിക്കുന്നതാണ്. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതാണ്. സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പ നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിനും കേരള കോ-

ഓപ്പറേറ്റീവ് അർബൻ ബാങ്ക്സ് ഫെഡറേഷൻ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കും. സഹകരണ മേഖലയിൽ മഴവെള്ള സംഭരണം വ്യാപകമാക്കുകയും പുതുതായി സംഘങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോർ, നന്മ സ്റ്റോർ, നീതി ഗ്യാസ് എന്നിവയെ ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കും. കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി ധനകാര്യ വകുപ്പിൽനിന്നും അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി അതാത് പ്രദേശങ്ങളിലെ സർവ്വീസ് സഹകരണ ബാങ്കുകളുടെ സഹകരണത്തോടുകൂടി പ്രത്യേക നിക്ഷേപ പദ്ധതിയും സഹകരണ സ്ഥാപനങ്ങളിലും സംഘം പരിസരത്തും പൊതുസ്ഥലത്തും അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുന്ന പദ്ധതിയും നടപ്പിലാക്കും. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജീവനക്കാർക്കും സഹകാരികൾക്കും പരിശീലനം നൽകുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും സേവന മേഖലയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന

സഹകരണ സ്ഥാപനങ്ങൾക്ക് അവാർഡ് നൽകുകയും ചെയ്യും. കേപ്പിന്റെ ആഭിമുഖ്യത്തിൽ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനും വടക്കാഞ്ചേരി എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കും. ആറന്മുള എഞ്ചിനീയറിംഗ് കോളേജിൽ ഈ അധ്യയന വർഷത്തിൽത്തന്നെ ക്ലാസുകൾ ആരംഭിക്കുകയും ബിരുദാനന്തരബിരുദ പഠന സൗകര്യമില്ലാത്ത കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുകയും ചെയ്യും. കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് സംഘങ്ങൾ അടയ്ക്കേണ്ട വിഹിതം പരമാവധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നതാണ്. ക്ഷീരകർഷകരെ സഹായിക്കുന്നതിനായി പുൽകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലിയും പെൻഷനും വർദ്ധിപ്പിക്കുകയും സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പ്രവർത്തനമൂലധന ഗ്രാന്റും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായവും അനുവദിക്കുകയും ചെയ്തതിനുപുറമേ കയർഫെഡിനും കയർ കോർപ്പറേഷനും കയർമേഖലയിൽ പ്രവർത്തിക്കുന്ന

പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർതൊഴിലാളി ക്ഷേമനിധി ബോർഡിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചു. ചകിരി നാരിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിനുമായി ചകിരി വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കയർ മേഖലയിൽ കയറ്റുമതി ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് കൂലിലഭ്യത ഉറപ്പുവരുത്തുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയും തുക നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. 'കയർ കേരള' പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും ധനസഹായം നേടിയെടുക്കുന്നതിന് സാധിച്ചു. ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡുമായി സഹകരിച്ചുകൊണ്ട് തൊണ്ട് സംഭരണം നടത്തുന്നതും മിനി-ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതുമാണ്. കയർത്തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനായി ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ വികസന ഡയറക്ടേറ്റിന്റെ കെട്ടിടനിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും 60-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ</u>**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവകവായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## ചട്ടം 58 പ്രകാരമുള്ള ചർച്ച

### " സർക്കാരിന്റെ കരട് കാർഷിക നയം- 2013"

ഡോ. എൻ. ജയരാജ്: കാർഷിക കേരളത്തിന്റെ പ്രശ്നങ്ങളെ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടുള്ള കാർഷിക നയമാണ് ഇവിടെ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. നഷ്ടമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുന്ന തിനായി കാർഷികമേഖലയുമായി ബന്ധപ്പെട്ട ഒട്ടേറെ ആളുകളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്ത് രൂപം കൊടുത്ത കരട് രേഖ കേരളത്തിന്റെ കാർഷികമേഖലയ്ക്ക് കരുത്ത് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. 2000 -ലാണ് ദേശീയ കാർഷിക നയം രൂപീകരിച്ചതെങ്കിലും 1992-ൽത്തന്നെ കേരളം കാർഷിക നയത്തിന് രൂപം നൽകിക്കൊണ്ട് കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി കർഷകർക്ക് പെൻഷൻ നൽകുന്നതുപോലെയുള്ള പദ്ധതികൾ കൊണ്ടുവരികയുണ്ടായി. കൃഷിയെ ജീവിത ഉപാധിയായി കണ്ടിരുന്നതിൽനിന്ന് വ്യത്യസ്തമായി കൃഷിയെ തൊഴിലായി കാണാനുള്ള അവസ്ഥയുണ്ടാകണമെങ്കിൽ കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് ഒഴിവാക്കണം. അതിന് നിലവിലെ നിയമങ്ങൾ കർശനമായി നടപ്പാക്കേണ്ടതാവശ്യമാണ്. കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ, കർഷകരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മണ്ണിനെ

സംബന്ധിക്കുന്ന നയങ്ങൾ, കർഷകർക്ക് ലാഭവിഹിതം നൽകാനുള്ള പദ്ധതി ഇവയൊക്കെ കർഷകർക്ക് മുമ്പോട്ടുപോകാനുള്ള ഇച്ഛാശക്തി നൽകുമെന്നതിൽ സംശയമില്ല. ഈ നയം അടിയന്തരമായി നടപ്പാക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: കരട് നയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തണമെങ്കിൽ പുതിയ നിയമനിർമ്മാണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. കൃഷിഭൂമി കൃഷിക്ക് മാത്രം ഉപയോഗിക്കണമെങ്കിൽ കൃഷിക്കാരന് കൃഷിയോട് ആഭിമുഖ്യമുണ്ടാകണം. കൃഷിക്കാരന് ഹൈഎൻഡിലെ ഉത്പന്നവുമായി ബന്ധപ്പെട്ട ലാഭവിഹിതം ലഭിക്കുന്നതിനുള്ള അവകാശമുണ്ടാകണം. വിദേശരാജ്യങ്ങളിൽ കാർഷികമേഖല സംരക്ഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ ഇവിടെയും ഉണ്ടായെങ്കിൽ മാത്രമേ ഈ കാലഘട്ടത്തിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്താൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: കാർഷികവികസന നയം സമഗ്രമാണ്. കേരളത്തിലെ കാർഷിക മേഖലയുടെ വളർച്ചയ്ക്കാവശ്യമായ കാര്യങ്ങളെല്ലാം ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഇവ നടപ്പാക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിന് ഇച്ഛാശക്തിയോടെ പ്രവർത്തിക്കണമെങ്കിൽ അതിനാവശ്യമായ നിയമങ്ങളുണ്ടാകണം. കർഷകന് മാത്രമേ കൃഷിഭൂമി കൈമാറ്റം ചെയ്യാവൂ എന്നതാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കാലഘട്ടത്തിനനുസൃതമായ

മാറ്റങ്ങൾ കാർഷികനയത്തിൽ വരുത്തുകയും കൃഷി ലാഭകരമാക്കുന്നതിന് സാധിക്കുമെന്ന് കർഷകനെ ബോധ്യപ്പെടുത്തുകയും വേണം. ഫാർമർ പ്രൊഡ്യൂസർ സൊസൈറ്റികൾ രൂപീകരിച്ച് തരിശ് ഭൂമികളിൽ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി നടത്തണം. സ്വന്തമായി പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും യാഥാർത്ഥ്യബോധത്തോടെയുള്ള കാർഷിക നയം രൂപീകരിക്കുകയും വേണം. റബ്ബറിനെ കാർഷിക ഉല്പന്നമായി കണക്കാക്കുകയും അശാസ്ത്രീയമായ ഇ.എഫ്.എൽ. നിയമം പിൻവലിക്കുകയും വേണം. കർഷകർക്കായി ഒരു വെൽഫയർ ബോർഡ് രൂപീകരിക്കുകയും അവരുടെ മുഴുവൻ കടങ്ങളും കാർഷിക കടങ്ങളായി കണക്കാക്കുകയും ചെയ്യണം. കാർഷികവൃത്തിയെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിന് സ്കൂൾ പാഠ്യപദ്ധതിയിൽ അത് ഉൾപ്പെടുത്തണം.

ശ്രീമതി ജമീലാ പ്രകാശം: സർക്കാരിന്റെ കരട് കാർഷിക നയം നടപ്പാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകണം.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: കൃഷിയോഗ്യമായ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുകയും കർഷകരിൽ നിന്നും നേരിട്ട് ഉല്പന്നങ്ങൾ ശേഖരിച്ച് പരമാവധി വില ഉറപ്പുവരുത്തുകയും ചെയ്യണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: കാർഷികവൃത്തി ആകർഷകമാക്കി മാറ്റുകയും കാർഷിക ബഡ്ജറ്റ് തയ്യാറാക്കുകയും വേണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സംസ്ഥാനത്തിനാവശ്യമായ അരി, നാളീകേരം, പാൽ, പച്ചക്കറി തുടങ്ങിയവ ഇവിടെതന്നെ ഉല്പാദിപ്പിക്കുന്നതിന് കൂട്ടായ പരിശ്രമം ഉണ്ടാകണം. പ്രകൃതിദുരന്തങ്ങൾ നിമിത്തം വിളനഷ്ടമുണ്ടാകുമ്പോൾ കർഷകർക്കുണ്ടാകുന്ന ഉല്പാദനനഷ്ടത്തിന്റെ യഥാർത്ഥമൂല്യം കണക്കാക്കി നഷ്ടപരിഹാരം നിശ്ചയിക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഉല്പാദനചെലവിന് അനുസൃതമായി ഉല്പന്നത്തിന് വില ലഭിക്കുന്നതിനും പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ചാൽ പൂർണ്ണമായും നഷ്ടപരിഹാരം ലഭിക്കുന്നതിനുമുള്ള നിയമനിർമ്മാണമുണ്ടാകണം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: കർഷകസംഘടനകളെ ഭാഗഭാക്കാക്കാൻ കഴിഞ്ഞില്ലെന്നതാണ് കരടുനയത്തിലെ പോരായ്മ. സംസ്ഥാനത്ത് നടപ്പാക്കിയ ഭൂപരിഷ്ക്കരണ നിയമങ്ങളും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയും കാർഷികമേഖലയുടെ ഉന്നമനത്തിന് കാരണമായിട്ടുണ്ട്. ആസൂത്രണത്തിലെ പോരായ്മ കാരണം ജലസേചന പദ്ധതികൾ കാർഷികരംഗത്ത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചില്ല. കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ നടപ്പാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് സർക്കാരുകളുടെ ഭാഗത്തുനിന്നുമുണ്ടായത്. കാർഷിക മേഖലയ്ക്ക് ആവശ്യമുള്ള തുക നീക്കി

വയ്ക്കുന്നതിനും നിയമസഭ പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കി നിലവിലുള്ള ഭൂമി സംരക്ഷിക്കുന്നതിനും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നെല്ലിന് സബ്സിഡി നൽകുന്നതിനും ജൈവ കീടനാശിനികൾ ഉപയോഗിക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കുന്നതിനും രാസവളങ്ങൾ വില കുറച്ച് നൽകുന്നതിനും സർക്കാർ തയ്യാറാകണം. റബ്ബർ ഇറക്കുമതിയെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയം റബ്ബറിന്റെ വിലയിടിവിന് കാരണമായിരിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ വില നിശ്ചയിച്ച് സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ കർഷകർക്കും പെൻഷൻ നൽകുന്നതിനും ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കാർഷികനയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സർക്കാർ തയ്യാറാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പുതുതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമുള്ള ഒരു നയം കർഷകരുടെയും കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും ആവശ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക പെൻഷൻ പൂർണ്ണമായും നടപ്പാക്കി. കേരളത്തിന്റെ സമസ്ത മേഖലയുടെയും

വളർച്ചയ്ക്ക് കാർഷിക മേഖലയെ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവിനെത്തുടർന്നാണ് കരട് കാർഷിക നയത്തിന് രൂപം നൽകിയത്. കാർഷിക മേഖലയിൽ ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെല്ലാം കാർഷിക നയം അധികരിച്ചുള്ളതായിരിക്കും. കാർഷിക നയത്തിന്റെ നടത്തിപ്പിന് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനും അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് പുനഃസംഘടിപ്പിച്ച് അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ് എന്ന് പുനർനാമകരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കാർഷിക നയത്തിലുൾപ്പെടുത്തി കർഷകർക്ക് ഇൻകം ഗ്യാരന്റി, ക്രോപ്പ് ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തുന്നതാണ്. ധനകാര്യ വകുപ്പുമായി ആലോചിച്ച് കാർഷിക ബഡ്ജറ്റ് തയ്യാറാക്കുകയും ആധുനികവത്കരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ വെർച്വൽ ക്ലാസ് റൂമുകൾ സംഘടിപ്പിച്ച് ലോകത്താകമാനമുള്ള കാർഷിക മേഖലയെക്കുറിച്ച് അറിയാനും പഠിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. കൂടുതൽ സംഭരണ ശാലകൾ ആരംഭിക്കുന്നതും കന്നുകാലികളുടെ സംരക്ഷണത്തിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതുമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ രേഖപ്പെടുത്തിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റിന്റെ കാർഷിക നയം ഫൈനലൈസ് ചെയ്യുന്നതാണ്.

സഭ വൈകുന്നേരം 6.36-ന് പിരിഞ്ഞു.

* * * * * * * * * * *